ജില്ലാ ഓഫീസ് സമുച്ചയങ്ങൾ പണിയുന്നതിന് നടപടി

149 (6067) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആസൂത്രണ സമിതി, ജില്ലാ ടൗൺ പ്ലാനിംഗ്, സ്റ്റാറ്റിസ്റ്റിക്സ്, പ്ലാനിംഗ് ഓഫീസുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി എല്ലാ ജില്ലകളിലും ഓഫീസ് സമുച്ചയങ്ങൾ പണിയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽ ഇത്തരം ഓഫീസ് സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തു വിഹിതം സംഭാവനയായി നൽകണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത് ;

(ഡി) എല്ലാ ജില്ലകളിലേയും പ്രസ്തുത കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ഡി) വിവരം ശേഖരിച്ചു വരുന്നു.

ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലെ ജീവനക്കാർ

150 (6068) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിൽ എത്ര ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഇവരുടെ നിയമന വ്യവസ്ഥകൾ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഡെപ്യൂട്ടേഷൻ മുഖേന എത്ര ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നുണ്ട് ; ഏതെല്ലാം തസ്തികകളിലെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒരു പ്രത്യേക സംഘടനയിൽ പ്രവർത്തിക്കുന്നവർ മാത്രമാണ് ഇവിടേക്ക് നിയമിക്കപ്പെട്ടതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതേക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) 12

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ, ചില തസ്തികകളിൽ അധിക ചുമതല വഹിക്കുന്നു. അതിനുപുറമെ ഡെപ്യൂട്ടേഷനിലും, ദിവസ വേതനാടിസ്ഥാനത്തിലും, പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നുമുള്ള പുനർവിന്യാസം മുഖേനയും ജീവനക്കാർ ഡീലിമിറ്റേഷൻ കമ്മീഷനിൽ ജോലി ചെയ്യുന്നു.

(സി) 5. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരാളും, ഹെഡ് ക്ലാർക്ക് തസ്തികയിൽ നാല് പേരും.

(ഡി) സംഘടനാ ബന്ധം നോക്കിയല്ല ജീവനക്കാരെ സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനിൽ നിയമിച്ചിട്ടുള്ളത്.

മുനിസിപ്പൽ കോമൺ സർവ്വീസിൽ പുതിയ തസ്തിക അനുവദിക്കാൻ നടപടി

151 (6069) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ് എല്ലാ ജീവനക്കാർക്കും കൊടുത്തുതീർത്തുവോ ; എന്നേക്ക് ഇത് വിതരണം ചെയ്യുമെന്നറിയിക്കാമോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. ഇനത്തിൽ ഒരു മാസം എത്ര തുകയാണ് പി.എഫ്. അക്കൗണ്ടിൽ വരുന്നത് ;

(സി) പി.എഫ്. ക്രഡിറ്റ് കാർഡ് നൽകുവാൻ സർക്കാരിന്റെ മുന്നിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകൾ കൂട്ടിയോജിപ്പിച്ചതിലും പുതിയ കോർപ്പറേഷൻ മുനിസിപ്പാലിറ്റി രൂപീകരിച്ചതിലുമായി ഉണ്ടായിട്ടുള്ള അധികജോലിഭാരത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ജോലിഭാരം കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് ഗവൺമെന്റ് സർവ്വീസായി പരിഗണിക്കുമോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് ക്രഡിറ്റ് കാർഡുകൾ തയ്യാറാക്കി വിതരണം, ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ നടത്തുന്നതിന് 9-9-2009-ലെ ജി.ഒ.(ആർ.റ്റി) നം. 2304/09/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly